**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 28** **27-01-2026 - ൽ മറുപടിയ്ക്ക്**

**സഞ്ചരിക്കുന്ന റേഷൻ കടകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മലയോര മേഖലകളിലും അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലയിലും റേഷൻ വിതരണം സുഗമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മലയോര മേഖലകളിലും, അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലകളിലും റേഷൻ വിതരണം സുഗമമാക്കുന്നതിനായി സഞ്ചരിക്കുന്ന റേഷൻ കടകളുടെ സേവനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ ആലപ്പുഴ, കോട്ടയം, കാസർകോഡ് ജില്ലകൾ ഒഴികെ ബാക്കി എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന റേഷൻ കടകൾ പ്രവർത്തിച്ച് വരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് നിലവിൽ സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രവർത്തനം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മലയോര മേഖലകളിലും, അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലകളിലും റേഷൻ വിതരണം സുഗമമാക്കുന്നതിനായി സഞ്ചരിക്കുന്ന റേഷൻ കടകളുടെ സേവനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ ആലപ്പുഴ, കോട്ടയം, കാസർകോഡ് ജില്ലകൾ ഒഴികെ ബാക്കി എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന റേഷൻ കടകൾ പ്രവർത്തിച്ച് വരുന്നുണ്ട്. |
| (സി) | സഞ്ചരിക്കുന്ന റേഷൻ കടകൾ എന്ന പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | ഓരോ ആദിവാസി ഉന്നതികളുടേയും പ്രത്യേകത അനുസരിച്ച്, റേഷൻ കടകളിലേക്ക് എത്തിച്ചേരുന്നതിന് ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിലും, ഉന്നതികളിൽ നിന്ന് ദൂരെ സ്ഥിതി ചെയ്യുന്ന റേഷൻ കടകളെ പ്രത്യേകമായി പരിഗണിച്ചും, ആവശ്യമെന്ന് കാണുന്ന പക്ഷം 'സഞ്ചരിക്കുന്ന റേഷൻ കടകൾ' അനുവദിച്ച് വരുന്നു. സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി പട്ടികജാതി പട്ടിക വർഗ ഉന്നതികൾ, തീരദേശമേഖലകൾ, ലേബർ സെറ്റിൽമെന്റുകൾ. എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പട്ടിക വർഗ വകുപ്പ് എന്നിവരുമായി |

| | | | |
|---|---|---|---|
| | | | സംയോജിച്ച് പദ്ധതി വിപുലീകരിക്കുന്നതും വകുപ്പ് പരിശോധിക്കും. |

സെക്ഷൻ ഓഫീസർ